# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 18, ചൊവ്വ

**നമ്പർ 171**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

തിരുവനന്തപുരം കൊച്ചി നഗരങ്ങളിൽ മജിസ്റ്റീരിയൽ അധികാരത്തോടുകൂടി പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിക്കാനുള്ള സർക്കാർ തീരുമാനംമൂലവും പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അച്ചടക്കരാഹിത്യംമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ടി. ബൽറാമും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച നിയമനടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെയും ബോധവത്കരണ പ്രവർത്തനങ്ങൾ വിപുലീകരി

ക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീമതി പി. അയിഷാ പോറ്റി ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | നെല്ലിക്കുന്ന് നൂർ മസ്ജിദ് ഇമാമിനെ ആക്രമിച്ചത് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. എം. ഷാജി | കണ്ണൂരിൽ ജില്ലാ കോടതി സ്ഥാപിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുല്ലക്കര രത്നാകരൻ | ചടയമംഗലത്തെ പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ആൻസലൻ | ഭാസ്കർ നഗർ, കളത്തൂർ പൂഴിക്കുന്ന് കോളനികളുടെ നവീകരണം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. യു. ആർ. പ്രദീപ് | ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ഐ. ബി. സതീഷ് | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. സി. ജോസഫ് | ഇരിക്കൂറിലെ വിവിധ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. ബി. സത്യൻ | വക്കം-കായിക്കര കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. അനിൽ അക്കര | മുളങ്കുന്നത്ത് ഗ്രാമപഞ്ചായത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പ്രദീപ്കുമാർ | കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ ഡിഗ്രി, പി. ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച കമ്മിറ്റിയുടെ എൺപത്തിയേഴ് മുതൽ തൊണ്ണൂറ്റിനാല് വരെയുള്ള റിപ്പോർട്ടുകൾ.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്.

ധനകാര്യം:

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 6, 8, 9, 10, 11, 17, 18, 20, 21, 22, 23, 24, 25, 27, 29, 30, 31, 32, 35, 37, 39, 41, 44, 45, 46, 47, 48, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 4, 6, 7, 9, 10, 11, 12, 13, 14, 15, 16, 17, 19, 22, 23, 24, 25, 27, 29, 30, 31, 32, 33, 34, 35, 36, 39 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XLVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 5, 7, 8, 9, 10, 11, 12, 13, 14, 15, 17, 18, 21, 22, 23, 25, 27, 30, 31, 32, 33, 34, 37, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. സി. കെ. നാണു

ശ്രീ. പി. സി. ജോർജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. കാരാട്ട് റസാഖ്

ശ്രീമതി സി. കെ. ആശ

ഡോ. എം. കെ. മുനീർ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVIII, XIX, XLVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 19-ാം തീയതി ബുധനാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.38-ന് സഭ പിരിഞ്ഞു.

സി. ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 18, 2019*

**No. 171**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Chief Minister, Speaker withheld consent to the moving of an adjournment motion given notice of by Shri V. T. Balram and three other Members regarding the serious situation reported to have arisen consequent to the Government decision to constitute Police Commissionerates with magesterial power at Kochi and Trivandrum and to the growing indicipline among the Police force.

In protest against the attitude of the Government in this matter the Members belonging to opposition staged a walkout.

*Calling Attention*:

Smt. P. Aisha Potty called the attention of the Minister for Health, Social Justice and Woman and Child Development to the necessity to strengthen the legal measures and to broaden awareness programmes in view of the reported increase in atrocities against children in the State. The Minister made a statement thereto.

KNPP. 694/2019(ii).

*The Matters under Rule 304:*

The Matters raised in the House by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | നെല്ലിക്കുന്ന് നൂർ മസ്ജിദ് ഇമാമിനെ ആക്രമിച്ചത് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. എം. ഷാജി | കണ്ണൂരിൽ ജില്ലാ കോടതി സ്ഥാപിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുല്ലക്കര രത്നാകരൻ | ചടയമംഗലത്തെ പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ആൻസലൻ | ഭാസ്കർ നഗർ, കളത്തുർ പൂഴിക്കുന്ന് കോളനികളുടെ നവീകരണം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. യു. ആർ. പ്രദീപ് | ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ഐ. ബി. സതീഷ് | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. സി. ജോസഫ് | ഇരിക്കൂറിലെ വിവിധ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. ബി. സത്യൻ | വക്കം-കായിക്കര കടവ് പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. അനിൽ അക്കര | മുളങ്കുന്നത്ത് ഗ്രാമപഞ്ചായത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പ്രദീപ്കുമാർ | കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിൽ ഡിഗ്രി, പി. ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers Concerned made Statements on the respective Subjects.

*Presentation of Reports*:

The Following reports were presented:

(1) The Eighty Seventh to Ninety Fourth Reports of the Committee on Public Undertakings.

(2) The Sixth Report of the Committee on Government Assurances.

*Financial Business*:

<u>Discussion and Voting on Demands for Grants in the Budget for the financial year 2019-2020</u>

Smt. K. K. Shailaja Teacher, Minister for Health and Social Justice and woman and child development moved Demand No. XVIII—Medical and Public Health, Demand No. XIX—Family Welfare and Demand No. XLVI—Social Security and Welfare for the amounts shown against them under column No. 5 in the list of Demands for Grants.

DR. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236(3) with regard to these demands.

The cut motion Nos. 1, 5, 6, 8, 9, 10, 11, 17, 18, 20, 21, 22, 23, 24, 25, 27, 29, 30, 31, 32, 35, 37, 39, 41, 44, 45, 46, 47, 48 and 51 in the list

of cut motions for Demand No. XVIII, the cut motion Nos. 1, 4, 6, 7, 9, 10, 11, 12, 13, 14, 15, 16, 17, 19, 20, 22, 23, 24, 25, 27, 29, 30, 31, 32, 33, 34, 35, 36 and 39 in the list of cut motions for Demand No. XIX and cut motion Nos. 5, 7, 8, 9, 10, 11, 12, 13, 14, 15, 17, 18, 21, 22, 23, 25, 27, 30, 31, 32, 33, 34, 37 and 38 in the list of cut motions for Demand No. XLVI were moved.

The following Members took part in the discussion:

Shri B. D. Devassy

Shri I. C. Balakrishnan

Shri Chittayam Gopakumar

Shri P. K. Abdu Rabb

Shri D. K. Murali

Shri C. K. Nanu

Shri P. C. George

Smt. U. Prathibha

Shri Roshy Augustine

Shri U. R. Pradeep

Shri Karat Razack

Smt. C. K. Asha

Dr. M. K. Muneer

Shri Saji Cherian

Shri V. S. Sivakumar.

Smt. K. K. Shailaja Teacher, Minister for Health and Social Justice and Woman and Child Development replied to the points raised during the discussion. The cut motions were declared lost. Then the Demand No. XVIII, XIX and XLVI were put to vote and passed.

The House adjourned at 4.38 p.m. to meet again 9.00 a.m. on Wednesday, June 19, 2019.

C. Jos,
*Secretary-in-charge.*